(ബി) ഇക്കാര്യം സർക്കാർ പരിഗണനയിൽ ഇല്ല.

(സി) ഉണ്ടാകുന്ന ഒഴിവിന്റെ അടിസ്ഥാനത്തിൽ പ്രമോഷൻ നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടു നിവേദനം സർക്കാരിൽ ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ജില്ലാ കളക്ടർമാരിൽ നിന്നും വിവരം ശേഖരിച്ചു നൽകുന്നതാണ്.

കടലാക്രമണത്തിൽ തകർന്ന വീടുകൾക്ക് ഭിത്തി

14 [610] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ഡിസംബർ 26-ന് സംസ്ഥാനത്തുണ്ടായ സുനാമി ദുരന്തത്തിന്റെ ഫലമായി തീരദേശത്തെ നിരവധി വീടുകളുടെയും വസ്തുക്കളുടെയും ഭിത്തികൾ തകർന്നുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരം വീടുകൾക്കും വസ്തുക്കൾക്കും ഭിത്തി കെട്ടി കൊടുക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഇവർക്ക് തീരദേശത്തു തന്നെ സ്ഥലം ലഭ്യമാക്കി വീട് നിർമ്മിച്ച് നൽകുന്നതിന് കൈക്കൊണ്ട നടപടികളെ സംബന്ധിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൂർണ്ണമായും തകർന്നുപോയ വീടുകൾക്ക് പകരം പുതിയ വീടുകൾ നിർമ്മിക്കുന്നതിനും ഭാഗികമായി കേടുപാടുകൾ സംഭവിച്ച വീടുകൾ അറ്റകുറ്റപ്പണികൾ ചെയ്ത് വാസയോഗ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സന്നദ്ധ സംഘടനകളുടെയും സർക്കാരിതര സംഘടനകളുടെയും സഹായം ഇക്കാര്യത്തിൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഡി) പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സുരക്ഷിതമായ വീടുകൾ നിർമ്മിച്ചു നൽകാൻ നടപടി സ്വീകരിച്ചുവരുന്നു. സന്നദ്ധസംഘടനകൾ, സർക്കാരേതര സംഘടനകൾ എന്നിവരുടെയും സഹായ സഹകരണങ്ങൾ ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തുന്നതാണ്.

സുനാമിമൂലമുണ്ടായ നാശനഷ്ടങ്ങൾ

15 [611] ശ്രീ. ടി. എൻ. പ്രതാപൻ :
,, എ. സുജനപാൽ
,, പ്രയാർ ഗോപാലകൃഷ്ണൻ
പ്രൊഫ. എ. ഡി. മുസ്തഫ

ശ്രീ. പി. ശങ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സുനാമി മൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് ദുരിതാശ്വാസമായി കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് എത്ര തുക ലഭിച്ചു; എന്തെല്ലാം വസ്തുതകൾ കണക്കിലെടുത്താണ് ഈ തുക തന്നത്;

(ബി) വീട് നഷ്ടപ്പെട്ടവർക്ക് പകരം വീട് വയ്ക്കുക, മത്സ്യബന്ധന ബോട്ട് നഷ്ടപ്പെട്ടവർക്ക് അവ വാങ്ങുന്നതിന് സഹായിക്കുക, മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിന് സഹായം നൽകുക എന്നീ കാര്യങ്ങൾക്ക് കേന്ദ്രം നൽകുന്ന ദുരിതാശ്വാസമനുസരിച്ച് ഓരോ കുടുബത്തിനും ലഭ്യമാക്കാവുന്ന തുക എത്ര വീതമാണ്;

(സി) കുടിവെള്ളം ലഭ്യമാക്കുക, വൈദ്യുതി ലൈനുകൾക്കുള്ള നാശനഷ്ടം പരിഹരിക്കുക മുതലായ കാര്യങ്ങൾക്കുവേണ്ടി കേന്ദ്രം അനുവദിച്ച തുകയെത്രയാണ് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ആദ്യഗഡുവായി 100 കോടി രൂപയുടെ സഹായം കേന്ദ്രസർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. സഹായം അനുവദിക്കുന്നതിന് കേന്ദ്രസർക്കാർ അവലംബിച്ചിട്ടുള്ള വസ്തുതകൾ, മാനദണ്ഡങ്ങൾ എന്നിവ സംബന്ധിച്ച് വിവരം ലഭിച്ചിട്ടില്ല.

(ബി) കേന്ദ്രസർക്കാർ അനുവദിക്കുന്ന തുകയുടെയും പുനരധിവാസ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്കും മാത്രമെ ഇത് സംബന്ധിച്ച കണക്കുകൾ വ്യക്തമാക്കാൻ കഴിയുകയുള്ളു. എന്നാൽ വീട് നഷ്ടപ്പെട്ടവർക്ക് പകരം വീട് വച്ചു നൽകുന്നതിനും വള്ളം, വല തുടങ്ങിയ മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് നഷ്ടത്തിന്റെ 50% സഹായമായി അനുവദിക്കാനും ഉത്തരവായിട്ടുണ്ട്.

(സി) പ്രത്യേകം ഇനം തിരിച്ച് കേന്ദ്രസർക്കാർ സഹായം അനുവദിച്ചിട്ടില്ല.

ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി

16 [612] ശ്രീ. ടി. കെ. ദേവകുമാർ :
ഡോ തോമസ് ഐസക് :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിന് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതോറിറ്റിക്ക് എന്തൊക്കെ ചുമതലകളും അവകാശങ്ങളുമാണ് നൽകാൻ ഉദ്ദേശിക്കുന്നത്;

(ബി) സുനാമി ദുരന്തത്തിന് ഇരയായ ആളുകളുടെ പുനരധിവാസം ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ കീഴിൽ ആക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) സുനാമി ദുരന്തത്തിൽപ്പെട്ടവരുടെ പുനരധിവാസ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ പങ്കാളിത്തം ഉണ്ടാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു;

(ഡി) പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽ നിന്ന് സംസ്ഥാന ഗവൺമെന്റ് സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി എന്തു തുക വകയിരുത്തിയിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly